**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3991.** **15.12.2014 ൽ മറുപടിയ്ക്ക്.**

## ഓട്ടോറിക്ഷകൾക്ക് അനുവദിച്ചിട്ടുള്ള യാത്രാനിരക്ക്

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ ഓട്ടോറിക്ഷകൾക്ക് അനുവദിച്ചിട്ടുള്ള യാത്രാനിരക്ക്, സഞ്ചരിക്കാൻ കഴിയുന്ന ദൂരം എന്നിവ നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ; | (എ) | ഉണ്ട്.<br>ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. |
| (ബി) | കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് എന്നിങ്ങനെ ഓരോ കാറ്റഗറിയിലും അനുവദിച്ചിട്ടുള്ള യാത്രാനിരക്ക്, സഞ്ചരിക്കാൻ കഴിയുന്ന ദൂരം ഇവ എത്രയാണെന്ന് വ്യക്തമാക്കുമോ ? | (ബി) | എല്ലാ സ്ഥലങ്ങളിലും ഓട്ടോറിക്ഷകളുടെ മിനിമം നിരക്ക് 20 രൂപയായും കി.മീ. നിരക്ക് 10 രൂപയായും, മിനിമം നിരക്കിൽ സഞ്ചരിക്കാവുന്ന ദൂരം 1.5 കി.മീ. ആയുമാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ ഏതു സ്ഥലത്തും രാത്രി 10 മണിമുതൽ രാവിലെ 5 മണിവരെയുള്ള ഓട്ടോറിക്ഷ യാത്രകൾക്ക് മീറ്റർ ചാർജിന്റെ 50% തുക കൂടി അധികമായി വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. രാവിലെ 5 മണിക്കും രാത്രി 10 മണിയ്ക്കും ഇടയ്ക്ക് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷൻ മേഖലകളിലും കണ്ണൂർ, പാലക്കാട്, കോട്ടയം എന്നീ മേജർ ടൗണുകളിലും മീറ്ററിൽ കാണുന്ന ചാർജ്ജ് മാത്രമേ |

| | | | |
|---|---|---|---|
| | | | ഓട്ടോറിക്ഷകളിൽ ഈടാക്കാവൂ. എന്നാൽ ഇതേ സമയത്ത് ഈ കോർപ്പറേഷനുകളുടേയും മേജർ ടൗണുകളുടേയും പരിധിയ്ക്കപ്പുറമുള്ള ഏതു സ്ഥലത്തും ഒരു ദിശയിലേക്കുള്ള യാത്രയോടൊപ്പം മടക്ക യാത്രയുമുണ്ടെങ്കിൽ ഫെയർമീറ്ററിൽ കാണുന്ന തുകയും, മടക്കയാത്ര ഇല്ലാതെ ഒരു ദിശയിലേക്കുള്ള യാത്ര മാത്രമേ ഉള്ളൂ എങ്കിൽ മീറ്ററിൽ കാണുന്ന തുകയിൽനിന്നും മിനിമം ചാർജ്ജ് കുറച്ചു കിട്ടുന്ന തുകയുടെ 50% ഉം കൂടി മീറ്റർ ചാർജ്ജിനോടൊപ്പം അധികമായി ഈടാക്കുന്നതിനും ടി സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്